**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 876** **11-02-2025 - ൽ മറുപടിയ്ക്ക്**

**കണ്ണവം ഗവ. ട്രൈബൽ യു.പി. സ്കൂളിന് ചുറ്റുമതിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണവം വനമേഖലയോട് ചേർന്നു കിടക്കുന്ന കണ്ണവം ഗവണ്മെന്റ് ട്രൈബൽ യു.പി. സ്കൂളിന് സ്വന്തമായി കെട്ടിടം ആയെങ്കിലും മതിയായ സുരക്ഷ ഒരുക്കുന്നതിന് ചുറ്റുമതിൽ നിർമ്മിക്കേണ്ടത് അനിവാര്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.**<br>**വനമേഖലയോട് ചേർന്ന് കിടക്കുന്ന കണ്ണവം സ്കൂളിന്റെ ഒരു ഭാഗത്ത് വാഹനസഞ്ചാരമുള്ള കോൺക്രീറ്റ് റോഡാണ്. വിദ്യാർത്ഥികളുടെയും സ്ഥാപനത്തിന്റെയും സുരക്ഷ ഉറപ്പു വരുത്തേണ്ടത് അത്യാവശ്യമാണ്.** |
| (ബി) | പതിനഞ്ചാം നിയമസഭയുടെ മൂന്നാം സമ്മേളനത്തിൽ നക്ഷത്ര ചിഹ്നം ഇടാത്ത 2716 നമ്പർ ചോദ്യത്തിനുള്ള മറുപടിയിൽ പ്രസ്തുത സ്കൂളിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിരുന്നുവെങ്കിലും ആയത് ഇതുവരെയും നടപ്പിലാക്കാത്തത് പരിശോധിക്കുമോ; വിശദമാക്കുമോ; | (ബി) | കണ്ണവം ഗവ.ട്രൈബൽ യു.പി.സ്കൂളിന്റെ ചുറ്റുമതിൽ നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് മുഖേന എസ്റ്റിമേറ്റ് ലഭ്യമാക്കി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | അടുത്ത കാലത്തായി വന്യജീവി ആക്രമണങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത സ്കൂളിലെ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ സ്കൂളിന് ചുറ്റുമതിൽ നിർമ്മിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദീകരിക്കുമോ? | (സി) | കണ്ണവം ഗവ.ട്രൈബൽ യു.പി.സ്കൂളിന്റെ ചുറ്റുമതിൽ നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് മുഖേന എസ്റ്റിമേറ്റ് ലഭ്യമാക്കി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ